A1/166/2025-CLAD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കേരള സാഹിത്യ അക്കാദമിയിൽ നിന്നും വിരമിച്ച ശ്രീമതി ഐസി വി.സി. ക്ക് എൽ.ഡി. ക്ലാർക്ക് തസ്തികയിൽനിന്നും യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.54/2026/CLAD തീയതി,തിരുവനന്തപുരം, 21-01-2026

---

പരാമർശം:- കേരള സാഹിത്യ അക്കാദമി സെക്രട്ടറിയുടെ 27.03.2025 തീയതിയിലെ 2165/2024/കെ.എസ്.എ./എം. നമ്പർ കത്ത്

**ഉത്തരവ്**

കേരള സാഹിത്യ അക്കാദമിയിൽ നിന്നും 31.05.2021-ന് വിരമിച്ച ശ്രീമതി ഐസി വി.സി. ക്ക് എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിന്നും യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയത് ക്രമപ്രകാരമല്ലായെന്ന് 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർ ശമുണ്ടായതിനെത്തുടർ ന്ന് ശ്രീമതി ഐസി വി.സി. ക്ക് എൽ.ഡി. ക്ലാർക്ക് തസ്തികയിൽനിന്നും യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ നടപടി സാധൂകരിച്ച് നൽകണമെന്ന് പരാമർശം കത്ത് പ്രകാരം കേരള സാഹിത്യ അക്കാദമി സെക്രട്ടറി അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സാഹിത്യ അക്കാദമിയിൽ നിന്നും 31.05.2021-ന് വിരമിച്ച ശ്രീമതി ഐസി വി.സി. ക്ക് എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിന്നും യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ നടപടി സാധൂകരിച്ച് നൽകി ഉത്തരവാകുന്നു. ഭാവിയിൽ ഓഡിറ്റ് പരാമരശങ്ങൾ ഒഴിവാക്കുന്നതിന് പൊതു കാറ്റഗറിയിലെ തസ്തികകൾക്ക് സർക്കാർ സർവീസിലെ തസ്തികൾക്കു തുല്യമായി അക്കാദമിയിലെ നിയമനയോഗ്യത, നിയമനരീതി എന്നിവ നിശ്ചയിച്ചയിക്കുന്നത് അനിവാര്യമായതിനാൽ അക്കാദമിയുടെ സർവ്വീസ് ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി അക്കാദമി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ

ശ്രീമതി ഐസി വി.സി., റിട്ട. യു.ഡി. ടൈപ്പിസ്റ്റ്, കൈതക്കാതൊട്ടിയിൽ അക്ഷരാ ഗാർഡൻസ്, അയ്യന്തോൾ കെ.എസ്.ഇ.ബി. യ്ക്ക് സമീപം, പുല്ലഴി പി.ഒ., തൃശ്ശൂർ-680012

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, അനന്തവിലാസം കൊട്ടാരം, ഫോർട്ട്, ഫോർട്ട് പി.ഒ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് ( 3316028/EDN-D1/78/2025-FIN dated 17.11.2025)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ
Signed by
Sheeba K P
Date: 22-01-2026 12:02:28